**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം**

(സാന്നിദ്ധ്യം: ഹരിത വി കുമാർ ഐഎഎസ്)

വിഷയം:- ദുരന്തനിവാരണം - പീച്ചി ഡാമിൽ നിന്നും കൂടുതൽ ജലം പുറത്തേക്ക് ഒഴുക്കി വിടുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം:- 1. കേരള സർക്കാരിന്റെ 2021 ലെ കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് ബുക്ക്).

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂരിന്റെ 30.11.2021 തീയതിയിലെ ഡി6-3882/2021 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ DCTSR/3900/2021-കെ1 തീയ്യതി: 01.12.2021</u>**

പീച്ചി ഡാമിന്റെ 4 സ്പിൽവേ ഷട്ടറുകളിൽ 2 ഷട്ടറുകൾ 1 ഇഞ്ച് വീതം തുറന്ന് അധികജലം പുറത്തേക്കൊഴുക്കിക്കൊണ്ടിരിക്കുകയാണ്. മേൽപ്രകാരം അധികജലം പുറത്തേക്കൊഴുക്കിയിട്ടും ഡാമിലെ ജലവിതാനം അനുവദനീയമായ അളവിൽ നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നില്ലെന്നും തന്മൂലം 4 സ്പിൽവേ ഷട്ടറുകളും 6 ഇഞ്ച് (15 സെ.മീ) വരെ ഘട്ടംഘട്ടമായി അധികമായി തുറന്ന് മണലിപ്പുഴയിലേക്ക് അധികജലം തുറന്നുവിടുന്നതിന് അനുവാദം നൽകണമെന്നും പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂർ ആവശ്യപ്പെട്ടിട്ടുണ്ട്.

തുടർച്ചയായ ദിവസങ്ങളിൽ കനത്ത മഴ ലഭിച്ചതിന്റെ ഫലമായുള്ള നീരൊഴുക്ക് തുടർന്ന് ഡാമിലെ ജലവിതാനം ഉയരുന്ന സാഹചര്യത്തിൽ പരാമർശം (1) ഓറഞ്ച് ബുക്കിലെ നിർദ്ദേശപ്രകാരം ഡാമിന്റെ റൂൾ ലെവൽ പാലിച്ച് വെള്ളക്കെട്ട് മൂലമുള്ള ഏതൊരു ദുരന്തസാഹചര്യത്തേയും ഒഴിവാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 01.12.2021 തീയതിയിൽ രാവിലെ 11.00 മണി മുതൽ ഉച്ചക്ക് 2.00 മണി വരെയുള്ള സമയത്തിനിടക്ക് ഓരോ ഘട്ടത്തിലും ആവശ്യമായ മുന്നറിയിപ്പുകൾ നൽകി ഘട്ടംഘട്ടമായി 4 ഇഞ്ച് (10 സെ.മീറ്റർ) വരെ തുറന്ന് അധികജലം പുറത്തേക്ക് ഒഴുക്കി ഡാമിന്റെ റൂൾ ലെവൽ പാലിച്ച് പ്രളയ സാധ്യത ഒഴിവാക്കുന്നതിന് തൃശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുമതി നൽകിക്കൊണ്ട് തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ ഹരിത വി കുമാർ ഐഎഎസ് എന്ന ഞാൻ ദുരന്തനിവാരണ ആക്ട് 2005 ലെ സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു. ഷട്ടറുകൾ ഉയർത്തുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അലർട്ടുകൾ നൽകുന്നുണ്ടെന്ന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശം പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്ട് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

COLLECT... Date ...

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്: എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂർ - ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് രേഖാമൂലം മുന്നറിയിപ്പ് നൽകേണ്ടതാണ്. ഓരോ മണിക്കൂർ ഇടവേളകളിലും ജലനിരപ്പ് സംബന്ധിച്ച് ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണകേന്ദ്രത്തിലേക്ക്

അറിയിക്കേണ്ടതാണ്. (ഫോൺ: 0487 2362444, 9447074424, ഇ-മെയിൽ: tsrcoll.ker@nic.in, jsdmtsr.ker@nic.in, deocthrissur@gmail.com)

പകർപ്പ്:

1. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശൂർ (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ & ദുരന്തനിവാരണം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ജില്ലാ വികസന കമ്മീഷണർ, തൃശൂർ
5. അസിസ്റ്റന്റ് കളക്ടർ (ട്രെയിനി), തൃശൂർ
6. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശൂർ / ഇരിങ്ങാലക്കുട
7. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി/റൂറൽ) - പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ അടിയന്തരസാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി
8. ചെയർപേഴ്സൺ/സെക്രട്ടറി, ഇരിങ്ങാലക്കുട നഗരസഭ
9. പ്രസിഡണ്ട്, പാണഞ്ചേരി/പുത്തൂർ/മുരിയാട്/അളഗപ്പനഗർ/വേലൂക്കര/തൃക്കൂർ/നെന്മണിക്കര/കാറളം/കാട്ടൂർ/ പുതുക്കാട്/പറപ്പൂക്കര ഗ്രാമപഞ്ചായത്ത്
10. ഡെപ്യൂട്ടി കളക്ടർ (ഡിഎം), കളക്ടറേറ്റ്, തൃശൂർ
11. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശൂർ
12. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
13. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ - പുഴകളിൽ മത്സ്യബന്ധനം തടയേണ്ടതാണ്.
14. തഹസിൽദാർ, തൃശൂർ / മുകുന്ദപുരം - കോവിഡ് മാനദണ്ഡപ്രകാരം ക്യാമ്പ് ഒരുക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി
15. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ - ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനായി
16. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പീച്ചി ഡാം.
17. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ (ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ മുഖേനയുള്ള പ്രസിദ്ധീകരണത്തിനായി)
18. സെക്രട്ടറി, ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റി.
19. സെക്രട്ടറി, പാണഞ്ചേരി/പുത്തൂർ/മുരിയാട്/അളഗപ്പനഗർ/വേലൂക്കര/തൃക്കൂർ/നെന്മണിക്കര/കാറളം/കാട്ടൂർ/പുതുക്കാട്/പറപ്പൂക്കര ഗ്രാമപഞ്ചായത്ത് - പൊതുജനങ്ങളും കുട്ടികളും മണലി, കരുവന്നൂർ പുഴകളിൽ ഇറങ്ങുന്നതിനും കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതും ഇതു സംബന്ധിച്ച മുന്നറിയിപ്പ് മൈക്ക് അനൗൺസ്മെന്റ് മുഖേന പൊതുജനങ്ങൾക്ക് നൽകേണ്ടതുമാണ്.
20. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, തൃശൂർ (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
21. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം, തിരുവനന്തപുരം
22. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, തൃശൂർ